"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - അച്ചൻകോവിൽ പഴയ കല്ലാർ വാലി തേക്ക് പ്ലാന്റേഷൻ ഡിവിഷനിൽ നിന്നും 22.12.1988-ൽ ശ്രീ.എൻ.എം.നാരായണൻ നായർ എന്നയാൾ തടികളും വിറകും ലേലം വിളിച്ചെടുത്തതുമായി ബന്ധപ്പെട്ട സംഭവം സർക്കാർ നഷ്ടം എഴുതിതള്ളി - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.81/2023/F&WLD തീയതി,തിരുവനന്തപുരം, 27-02-2023

---

പരാമർശം:-

1. സ.ഉ.(സാധാ) നം.111/2015/വനം തീയതി 18.03.2015.
2. സ.ഉ(പി) നം 102/2017/ധനം തീയതി 7/8/2017.
3. സ.ഉ.(സാധാ) നം.91/2022/F&WLD തീയതി 08/03/2022
4. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 19.04.2022-ലെ പ്രൊ (5) 48281/2014 നമ്പർ കത്ത്.

**ഉത്തരവ്**

20.12.1988 ൽ അച്ചൻകോവിൽ ഡിവിഷനിൽ നടന്ന തടി ലേലവുമായി ബന്ധപ്പെട്ട് ശ്രീ.എൻ.എം.നാരായണൻ നായർ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 28328/14 ന്റെ 29.10.2014 ലെ വിധി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർ ശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവിൽ തടി ലേലത്തിൽ സർക്കാരിനുണ്ടായ നഷ്ടം ലേലക്കാരന് നോട്ടീസ് നൽകാൻ കാലതാമസം നേരിട്ട കാലയളവിലെ 12 ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരിൽ നിന്നും ഈടാക്കുന്നതിനും ഉത്തരവാകുകയുണ്ടായി. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരിൽ നിന്നും 4,18,649/- രൂപയാണ് ഈടാക്കാനുണ്ടായിരുന്നത്. പ്രസ്തുത തുക എഴുതിതള്ളുന്നതിന് പരാമർ ശം (3) സർക്കാർ ഉത്തരവ് പ്രകാരം മുഖ്യവനപാലകന് നിർദ്ദേശം നൽകി ഉത്തരവായിരുന്നു. എന്നാൽ പരാമർശം (2)-ലെ ഉത്തരവ് പ്രകാരം പ്രസ്തുത തുക എഴുതിതള്ളുന്നതിനുള്ള അധികാരം മുഖ്യവനപാലകന് ഇല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരെല്ലാം തന്നെ വർഷങ്ങൾക്കു മുൻ പേ സർവ്വീസിൽ നിന്നും വിരമിച്ച എന്നകാര്യം പരിഗണിച്ചും, നിലവിൽ ഇവർ വൃദ്ധരാണ് എന്നകാര്യവും, രണ്ട് പേർ ഇതിനകം തന്നെ മരണപ്പെട്ട എന്ന കാര്യവും പരിഗണിച്ചും നോട്ടീസയക്കുന്നതിൽ വന്ന കാലതാമസത്തിന് കുറ്റാരോപിതർ മാത്രമല്ല കാരണക്കാർ എന്ന കാര്യം പരിഗണിച്ചും, പുനർലേലം കാരണം സർക്കാരിനുണ്ടായ യഥാർത്ഥ നഷ്ടമായ 1,60,846 രൂപ, നോട്ടീസ് ലഭിച്ചതിനുശേഷമുള്ള പലിശയും ഉൾപ്പെടെ 1,73,000/- രൂപ ലേലക്കാരനിൽ നിന്നും ഈടാക്കിയിട്ടുള്ളതിനാലും ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് കണക്കാക്കിയിട്ടുള്ള

തുകയായ 4,18,649/- രൂപ, മാനുഷിക പരിഗണന നൽകി പരാമർശം (2) ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി എഴുതിത്തള്ളി ഉത്തരവാകുന്നു. ഇതുസംബന്ധിച്ചുള്ള തുടർനടപടികൾ വനം വകുപ്പ് മേധാവി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

മുഖ്യവനപാലകൻ

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

ഫോറസ്റ്റ് കൺസർവേറ്റർ

ശ്രീ.കെ.സത്യദേവൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.)

ശ്രീ.വി.രഘുനാഥ പണിക്കർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.)

ശ്രീ.എൻ.കെ.ഗോപാലകൃഷ്ണൻ നായർ, അസിസ്റ്റന്റ് കൺസർവേറ്റർ

ഓഫ് ഫോറസ്റ്റ് (റിട്ട.)

ശ്രീ.ബി.ശ്യാം, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (നോൺ കേഡർ) (റിട്ട.)

ശ്രീ.വി.എൻ.ഗുരുദാസ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.)

ശ്രീ.ജി.രാജു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (നോൺ കേഡർ) (റിട്ട.)

ശ്രീ.തുളസീധരൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.)

ശ്രീ.പി.രാധാകൃഷ്ണ പിള്ള, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

ധനകാര്യ വകുപ്പ് (546163/Agri-A1/116/2017)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaji A M
Date: 01-03-2023 12:15:52
സെക്ഷൻ ഓഫീസർ